**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

---

## നടപടികൾ

വിഷയം : ജയിലുകൾ- ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - സ്പെഷ്യൽ റൂൾ പരിഷ്കരണ സെൽ- രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) സർക്കാർ കത്ത് നമ്പർ ബി3/198/2024/ആഭ്യന്തരം തീയതി 20.05.2026.
(2) സർക്കാർ കത്ത് നമ്പർ Home-B3/24/2026-Home തീയതി 10.06.2026.

---

**ഉത്തരവ് നമ്പർ: E1-14951/2015/PrHQ; തീയതി: 06-10-2026**

ജയിൽ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശിത കത്തുകൾ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, 08.11.2021, 01.01.2022, തീയതികളിലെ No.E1-14951/2015/PrHQ-569 കത്തുകൾ പ്രകാരം സർക്കാരിന് സമർപ്പിച്ച ജയിൽ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂളിലെ തസ്തികകൾ/വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമായ ഭേദഗതികളോടു കൂടിയ പുതുക്കിയ കരട് സ്പെഷ്യൽ റൂളും റിപ്പോർട്ടും സമർപ്പിക്കുന്നതിനായി ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ റൂൾ പരിഷ്കരണ സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീ. ദിനേശ് ബി, ഡി. ഐ. ജി (HQ) - ചെയർമാൻ
2. ശ്രീമതി. കൃഷ്ണജ കെ, പി.എ. ടു ഡി.ജി.പി – കൺവീനർ
3. ശ്രീ. ജയകുമാർ വി, ഡി.ഐ.ജി ഉത്തരമേഖല – അംഗം
4. ശ്രീ. രാജീവ് റ്റി ആർ, ഡി.ഐ.ജി ദക്ഷിണ മേഖല – അംഗം
5. ശ്രീ. സജീവ് എസ്, ഡി.ഐ.ജി മദ്ധ്യ മേഖല – അംഗം
6. ശ്രീമതി ലക്ഷ്മി കെ, ചീഫ് വെൽഫെയർ ഓഫീസർ – അംഗം
7. ശ്രീ. സൂര്യജിത്ത്. എം.എസ്, സ്പെഷ്യൽ ഓഫീസർ/വെൽഫെയർ ഓഫീസർ - അംഗം
8. ശ്രീ. സമീർ എം, ജൂനിയർ സൂപ്രണ്ട്, ജീവനക്കാര്യ വിഭാഗം – അംഗം
9. പ്രസിഡൻറ്/ജനറൽ സെക്രട്ടറി, KJSOA – അംഗം
10. പ്രസിഡൻറ്/ജനറൽ സെക്രട്ടറി, KJEOA – അംഗം

2. ആവശ്യമായാൽ മറ്റ് ഉദ്യോഗസ്ഥരെ പ്രത്യേക ക്ഷണിതാക്കളായി യോഗങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

3. സ്പെഷ്യൽ റൂൾ പരിഷ്കരണ സെൽ താഴെപ്പറയുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(i) ആഭ്യന്തര വകുപ്പിന്റെ 20.05.2026-ലെ നമ്പർ ബി3/198/2024/ആഭ്യന്തരം കത്തിലും 10.06.2026-ലെ Home-B3/24/2026-Home കത്തിലും നിർദ്ദേശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും

പരിശോധിക്കുക.

(ii) കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തസ്തികകളും സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ എന്ന് പരിശോധിക്കുക.

(iii) സർക്കാർ സൃഷ്ടിച്ച നിലവിലുള്ള തസ്തികകളിൽ, കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാതെ പോയിട്ടുള്ളവ ഉണ്ടോ എന്ന് പരിശോധിക്കുക.

(iv) സർക്കാർ ഉത്തരവില്ലാതെ ഉൾപ്പെടുത്തിയിട്ടുള്ളതോ, പേരുമാറ്റം വരുത്തി ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ തസ്തികകൾ ഉണ്ടോ എന്ന് പരിശോധിക്കുക.

(v) ചീമേനി തുറന്ന ജയിലിൽ സൃഷ്ടിച്ച Nurse (Male) തസ്തികകൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുക.

(vi) Warder Driver / Assistant Prison Officer-cum-Driver തസ്തികയുടെ പേരുമാറ്റം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് പരിശോധിക്കുകയും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(vii) Deputy Prison Officer (Female) ഉൾപ്പെടെയുള്ള തസ്തികകൾ (തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലില്ലാത്ത തസ്തികകൾ) സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

(viii) വനിതാ പ്രിസൺ ഓഫീസർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട അനോമലി സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിക്കുക.

(ix) അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റ ശ്രേണിയുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികൾ പരിശോധിക്കുക.

(x) 01.01.2022-ന് കരട് സ്പെഷ്യൽ റൂൾ സർക്കാരിന് സമർപ്പിച്ച ശേഷം ഏതെങ്കിലും തസ്തികകളെ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിക്കുക.

(xi) 01.01.2022-ന് ശേഷം വകുപ്പ് തലത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതോ ഡി.പി.സി. ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതോ ആയ വിഷയങ്ങൾ പരിശോധിക്കുക.

(xii) ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതും കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തതുമായ തസ്തികകൾ പരിശോധിക്കുക.

(xiii) നിലവിൽ കാലഹരണപ്പെട്ടതോ പ്രസക്തിയില്ലാത്തതോ ആയ തസ്തികകൾ തിരിച്ചറിയുകയും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(xiv) ആഭ്യന്തര വകുപ്പ് കത്ത് നമ്പർ Home-B3/24/2026-Home തീയതി 10.06.2026-ൽ പരാമർശിച്ചിട്ടുള്ള മെഡിക്കൽ ഓഫീസർ, അഗ്രികൾച്ചറൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകൾ 08.11.2021-ലെ കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിരുന്നതും 01.01.2022-ന് സമർപ്പിച്ച പുതുക്കിയ കരടിൽ ഒഴിവായതുമായ സാഹചര്യം

പരിശോധിച്ച്, ആവശ്യമായാൽ പ്രസ്തുത തസ്തികകൾ പുതുക്കിയ കരട് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുക.

(xv) കരട് സ്പെഷ്യൽ റൂൾ അന്തിമമാക്കുന്നതിന് ആവശ്യമായ മറ്റ് വിഷയങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

4. സ്പെഷ്യൽ റൂൾ പരിഷ്കരണ സെൽ രൂപീകരിക്കുന്ന തീയതി മുതൽ**രണ്ട് മാസത്തിനകം** പരിശോധന പൂർത്തിയാക്കി, ആവശ്യമായ ഭേദഗതികളോട്ട കൂടിയ പുതുക്കിയ കരട് സ്പെഷ്യൽ റൂളും വിശദമായ റിപ്പോർട്ടും വകുപ്പ മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

**മറ്റ് നിർദ്ദേശങ്ങൾ**

5. സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ രേഖകൾ, സർക്കാർ ഉത്തരവുകൾ, സേവന വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട വിഭാഗങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആവശ്യമായാൽ മേഖലാ/സ്ഥാപനതല ഉദ്യോഗസ്ഥരിൽ നിന്ന് വിവരങ്ങളും വിശദീകരണങ്ങളും തേടാവുന്നതാണ്.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

ഡയറക്ടർ ജനറൽ,

പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് - ന് വേണ്ടി

സ്വീകർത്താവ്: സെല്ലിന്റെ ചെയർമാൻ, കൺവീനർ,

മറ്റ് അംഗങ്ങൾ

പകർപ്പ്: 1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, ചീഫ് ഓഡിറ്റ് ഓഫീസർ, അക്കൌണ്ട്സ് ഓഫീസർ,

2) ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

3) എസ്റ്റാബ്ലിഷ്മെൻറ് സെക്ഷനിലെ എല്ലാ

ഉദ്യോഗസ്ഥർക്കും

4) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

5) WP1 seat

Digitally signed by
Dinesh Bhagavathi Pillai
Date: 06-10-2026
16:30:53